"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - ഡോ. മുനിഷ് പി.കെ., അസിസ്റ്റന്റ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം, വേങ്ങപ്പള്ളി, വയനാട് - മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ അനസ്തേഷ്യോളജി വിഭാഗം സീനിയർ റസിഡന്റ് തസ്തികയിൽ അന്യത്ര സേവനം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.1817/2019/ആ.കു.വ തീയതി,തിരുവനന്തപുരം, 23/07/2019

---

പരാമർശം:- 1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.01.2019-ലെ ഇ.എ6-102256/2018/ഡി.എച്ച്.എസ് നമ്പർ കത്ത്.

2) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 24.03.2019-ലെ എൻ.സി2/770/2019/മെ.വി.വ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശ കത്തിൽ പ്രതിപാദിച്ചിരിയ്ക്കുന്ന വസ്തുതകൾ പരിഗണിച്ച്, വയനാട് വേങ്ങപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ. മുനിഷ് പി.കെ.-യ്ക്ക്, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ അനസ്തേഷ്യോളജി വിഭാഗം സീനിയർ റസിഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ, അന്യത്രസേവന നിയമനം സംബന്ധിച്ച വ്യവസ്ഥകൾക്കും കെ.എസ്.ആർ ഭാഗം-I, ചട്ടം 140(സി)-യിലെ നിബന്ധനകൾക്കും വിധേയമായി, മാതൃ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്ന തീയതി മുതൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) അനുവദിക്കപ്പെട്ട കാലയളവിനുശേഷവും അന്യത്ര സേവന തസ്തികയിൽ തുടരുന്നത് കെ.എസ്സ്.ആർ. ഭാഗം-1, ചട്ടം 140(സി) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ച നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ, അന്യത്ര സേവന കാലയളവ് അവസാനിച്ച കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റ്

ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് ഉത്തരവാകാത്ത പക്ഷം, അനുവദിക്കപ്പെട്ട അന്യത്ര സേവനകാലം അവസാനിക്കുമ്പോൾ ഡോ. മുനിഷ് പി.കെ.-യെ വിടുതൽ ചെയ്ത് മാതൃവകുപ്പിലേക്ക് മടക്കി അയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ്.സി.ഡി

അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
✓ഡോ. മുനിഷ് പി.കെ., അസിസ്റ്റന്റ് സർജൻ, പ്രൈമറി ഹെൽത്ത് സെന്റർ, വേങ്ങപ്പള്ളി, വയനാട്. (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം)
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി.
മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, വേങ്ങപ്പള്ളി, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signature valid

Digitally signed by ANIL KUMAR D
Date: 2019.07.24 10:31:48 IST
Reason: Approved

സെക്ഷൻ ഓഫീസർ.

**മേലെഴുത്ത് നം: ഇ.എ6- 102256/18/ആ.വ.ഡ തീയതി 26.07.2019**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**